LIBRARY ARCHIVES Kerala Legislative Assembly

കടൽ സുരക്ഷാഭിത്തികൾക്ക് ശോഷണം സംഭവിച്ചയിടങ്ങളിൽ അവ ബലപ്പെടുത്താനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യതയനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്. രണ്ട് അടിയന്തര അറ്റകുറ്റപ്പണികൾ നടപ്പിലാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത മണ്ഡലത്തിലുൾപ്പെടുന്ന കാപ്പാട് പ്രദേശങ്ങൾ ഏറ്റവും കൂടുതൽ കടൽക്ഷോഭം അനുഭവപ്പെടുന്ന ഹോട്ട് സ്പോട്ടുകളിലൊന്നായി സർക്കാർ പരിഗണിച്ചിട്ടുണ്ടോ; ഇവിടങ്ങളിൽ കടൽക്ഷോഭം നേരിടുന്നതിന് അടിയന്തരമായ നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കാമോ?

കാപ്പാട് പ്രദേശം ഏറ്റവും കൂടുതൽ കടൽക്ഷോഭം അനുഭവപ്പെടുന്ന ഹോട്ട്സ്പോട്ടായി NCCR പഠനത്തിനായി പരിഗണിച്ചിട്ടുണ്ട്. കാപ്പാട് പ്രദേശങ്ങളിൽ തീരസംരക്ഷണ പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യതയനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്. കൂടാതെ കാപ്പാട് മുതൽ വലിയങ്ങാടി വരെ 16 പുലിമുട്ടുകൾ നിർമ്മിക്കുന്നതിനുള്ള പഠനം നടത്തുന്നതിനായി പൂനെ CWPRS-നോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ചാലിയാർ പുഴയുടെ തീരസംരക്ഷണ പദ്ധതി

185(491) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലിയാർ പുഴയുടെ തീരം ഇടിഞ്ഞ് പുഴയ്ക്കും സമീപത്ത് താമസിക്കുന്ന ജനങ്ങൾക്കും നാശനഷ്ടം ഉണ്ടാകുന്നുയെന്ന പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ചാലിയാർ പുഴയുടെ തീരങ്ങൾ പലസ്ഥലങ്ങളിലായി ഇടിഞ്ഞ് പുഴയ്ക്കും സമീപത്ത് താമസിക്കുന്ന ജനങ്ങൾക്കും നാശനഷ്ടം ഉണ്ടാകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുഴയ്ക്ക് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് നിലവിൽ പദ്ധതികളുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ കൊണ്ടോട്ടി മണ്ഡലത്തിൽ പുഴയ്ക്ക് പാർശ്വഭിത്തി കെട്ടുന്നതിന് നിലവിൽ എന്തെല്ലാം പദ്ധതികളുണ്ടെന്ന് വിശദമാക്കുമോ?

(ബി&സി) പുഴയ്ക്ക് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് നിലവിൽ ഫ്ലഡ് ഡാമേജ് / ഫ്ലഡ് കൺട്രോൾ എന്നീ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ട്. ഫണ്ട് ലഭ്യതയ്ക്കനുസൃതമായി ചാലിയാർ പുഴയുടെ വിവിധ ഭാഗങ്ങളിൽ സംരക്ഷണപ്രവൃത്തികൾ നടത്തി വരുന്നുണ്ട്. കൊണ്ടോട്ടി മണ്ഡലത്തിൽ ചാലിയാർ പുഴയ്ക്ക് പാർശ്വഭിത്തി കെട്ടുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രവൃത്തികളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.